പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1043**

**20.03.2012 ൽ മറുപടിയ്ക്ക്**

## വിദ്യാഭ്യാസ വായ്പാ പലിശ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | ശ്രീ. കെ.സി ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് 2009-നു മുൻപ് വിദ്യാഭ്യാസ വായ്പ എടുത്തവർക്ക് 15 മുതൽ 17% വരെ പലിശ നൽകേണ്ടി വരുന്നതുമൂലം കൃത്യമായി തിരിച്ചടയ്ക്കാൻ കഴിയാതെ വിഷമാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) 2009ന് മുമ്പ് എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പകൾക്ക് 10 മുതൽ 13 ശതമാനം വരെ പലിശയാണ് ബാങ്കുകൾ ഈടാക്കുന്നത്. പഠനത്തിനുശേഷം സ്ഥിരമായ ജോലി ലഭിക്കാത്തതു മൂലവും താഴ്ന്ന വരുമാനത്തിൽ ജോലി ചെയ്യേണ്ടിവരുന്നതിനാലും വായ്പ തിരിച്ചടവിന് ബുദ്ധിമുട്ട് നേരിടുന്ന ചില അവസ്ഥകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) 2009-നു മുമ്പ് വിദ്യാഭ്യാസ വായ്പയെടുത്തവർക്കും പലിശയിളവു നൽകുകയോ, വിദ്യാഭ്യാസ വായ്പയുടെ പലിശ സംസ്ഥാന സർക്കാർ അടയ്ക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ച് ഇവരെ സഹായിക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്യുമോ? | (ബി) 01/04/2009നു മുമ്പ് വിദ്യാഭ്യാസ വായ്പയെടുത്തവർക്കു കൂടി വിദ്യാഭ്യാസ പലിശ സബ്സിഡി (CSIS) പദ്ധതി പ്രകാരമുള്ള പലിശ ഇളവ് ബാധകമാക്കണമെന്ന ആവശ്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ